ആകെ കലങ്ങി മറിഞ്ഞ മാനസികാവസ്ഥ. ഒരു വശത്തു് സഹായിക്കാൻ മനസ്സില്ലാത്ത മനുഷ്യർ. മറുവശത്തു് ദൈവമോ? അകലെയെങ്ങോ ഒന്നും കാണാതെയും കേൾക്കാതെയും മറയുന്നുവെന്നു് തോന്നുന്നു. ഒരിററു് സ്നേഹത്തിനുവേണ്ടിയുള്ള തേങ്ങലുകൾ. എന്തിനു്? സ്വയം സ്നേഹിക്കാനോ അംഗീകരിക്കാനോ പോലും കഴിയാത്ത നില.

ജീവിതസമരത്തിൽ സ്വയം പോരാത്തവനാണെന്ന ചിന്ത വിഷാദത്തിൽ തുടങ്ങി ആത്മഹത്യയിൽ വരെ എത്താം. നിങ്ങൾ സ്നേഹിക്കുന്ന പലരുമായുള്ള ബന്ധം ഇതുമൂലം തകരാറിലാവാം. ഒരുപക്ഷേ ഇനിയൊരിക്കലും നന്നാക്കാനാവാത്തവിധം അതു് ഇതിനകം തകരാറിലായിക്കഴിഞ്ഞിരിക്കാം. നേരിയ വിഷാദത്തിൻെറയോ കടുത്ത നിരാശയുടേയോ മുനമ്പിലെത്തിയിരിക്കുകയാണു് നിങ്ങളെങ്കിൽ ഈ സന്ദേശം നിങ്ങൾക്കുവേണ്ടിയാണു്.

ദൈവം നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾക്കുവേണ്ടി ഒരു വ്യക്തിയെ—പുത്രനായ യേശുക്രിസ്തുവിനെ—കുരിശിൽ മരിക്കുന്നതിനു് അയച്ചുതരുവാൻ ദൈവം തയ്യാറായി. യേശുക്രിസ്തുവിൻെറ ഉയിർത്തെഴുന്നേൽപ്പിലൂടെ വിജയകരവും സമൃദ്ധവുമായ ജീവൻ നിങ്ങൾക്കു തരുവാൻ ദൈവത്തിനു് പ്രസാദമായി.

മനുഷ്യൻെറ പാപത്തിനു പരിഹാരമായി യേശുക്രിസ്തു മരിച്ചതു കൊണ്ടു് അദ്ദേഹത്തിൻെറ മരണത്തിലൂടെ ദൈവം നിങ്ങളുടെ പാപമോചനത്തിനാവശ്യമായ വ്യവസ്ഥകളെല്ലാം നിറവേററിയിരിക്കുന്നുവെന്നു് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഇല്ലെങ്കിൽ ഈ ലളിതമായ സന്ദേശവും ഇതിലെ വിശദീകരണ ചിത്രങ്ങളും നിങ്ങളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുവാൻ കഴിവുററവയാണു് കർത്താവായ യേശുക്രിസ്തുവിൻെറ ജീവൻ നിങ്ങൾ സ്വീകരിക്കുന്നതുവഴി അതു് സാധിക്കും.

ഒരുപക്ഷേ, രക്ഷകനായി യേശുക്രിസ്തുവിൽ വിശ്വസിച്ച ഒരാളായിരിക്കും നിങ്ങൾ. എന്നാൽ ഇപ്പോൾ വിജയകരമായി ജീവിക്കുവാൻ പണിപ്പെട്ടു് പരാജയപ്പെട്ടു് കഴിയുകയുമാകാം.

എങ്ങിനെയുമാവട്ടെ, ''ദൈവമേ, ഈ സത്യങ്ങൾ എനിക്കു് പ്രകാശിപ്പിച്ചു നൽകേണമേ'' എന്ന പ്രാർത്ഥനയോടെ തുറന്ന വേദപുസ്തകവുമായി ഈ ചിന്തകൾ പങ്കിടൂ.

## നിങ്ങളുടെ രൂപകൽപ്പന

ആത്മാവു്, പ്രാണൻ (ദേഹി അഥവാ വ്യക്തിത്വം), ശരീരം (1 തെസ്സ. 5:23) എന്നിങ്ങനെ മൂന്നു് ഘടകങ്ങളായി വൃത്തചിത്രം മനുഷ്യനെ വിശദീകരിക്കുന്നു. പഞ്ചേന്ദ്രിയങ്ങളിലൂടെ ശരീരം നമ്മെ ചുററുപാടുകളോടു് ബന്ധിപ്പിക്കുന്നു. ചിന്താശക്തി (ബുദ്ധി), ഇച്ഛാശക്തി, വികാരങ്ങൾ എന്നിവയുടെ ധർമ്മങ്ങൾ ഉൾക്കൊള്ളുന്നതാണു് വ്യക്തിത്വം: മനുഷ്യനെ മനുഷ്യനോടു് ബന്ധി

പ്പിക്കുന്നത് വ്യക്തിത്വമാണ്. **ആത്മാവാകട്ടെ**, നമ്മുടെ പരിമിതികളെയും സാഹചര്യങ്ങളെയും അതിജീവിക്കാൻ നമ്മെ സഹായിക്കുന്നു. 'പുതിയ ജനന'ത്തോടെയും പരിശുദ്ധാത്മാവിന്റെ ആവാസത്തോടെയുമാണിത് സാദ്ധ്യമാകുന്നത്.

മനുഷ്യാത്മാവ് ഒന്നുകിൽ ആദാമിനോട് (സാത്താന്റെ കുടുംബത്തോട്) അല്ലെങ്കിൽ ക്രിസ്തുവിനോട് (ദൈവത്തിന്റെ കുടുംബത്തോട്) ബന്ധപ്പെട്ടിരിക്കുന്നു. (**രേഖാചിത്രം** കാണുക). ആദാമിന്റെ സന്താനപരമ്പരയിൽ ജനിച്ചിരിക്കുന്ന നാം ജന്മനാ തന്നെ ആദാമിന്റെ സ്വഭാവത്തിൽ പങ്കാളികളായി. അതിന്റെ അർത്ഥം നാം ദൈവത്തോടുള്ള ബന്ധത്തിൽ മരിച്ചിരിക്കുന്നുവെന്നാണ്. സാത്താനോടുള്ള ബന്ധത്തിൽ ജീവിച്ചിരിക്കുകയും ചെയ്യുന്നു.

നാം തെറ്റായ കുടുംബത്തിൽ വന്നുപെട്ടിരിക്കുന്നു! ആദാം പാപം ചെയ്തപ്പോൾ നാം അവനിലുണ്ടായിരുന്നു. കാരണം, നമ്മുടെ ജനനം മനുഷ്യവർഗ്ഗത്തിന്റെ ആദ്യപിതാവായ ആദാമിൽ നിന്നത്രേ; അവനിൽ നിന്നുള്ള നമ്മുടെ പാരമ്പര്യം കണ്ണിപൊട്ടാത്ത ഒരു ചങ്ങല പോലെ നീണ്ട് കിടക്കുന്നു. അതുകൊണ്ട് ശാരീരികമായി ജനിക്കുന്നതിനു മുമ്പേ നാം പാപികളായി എന്നതാണ് സത്യം. അങ്ങിനെയുള്ള നാം പാപം ചെയ്യുന്നുവെന്ന് പറഞ്ഞാൽ സ്വാഭാവികമായി ചെയ്യാൻ തോന്നുന്നത് ചെയ്യുന്നുവെന്നേ അർത്ഥമുള്ളു (റോമർ 3:23). ആദാമിൽ വസിക്കുന്ന ഓരോ ജീവിതവും രേഖാചിത്രത്തിൽ കാണുന്നതുപോലെ നരകത്തിൽ കലാശിക്കുന്നു (റോമർ 6:23). എത്ര തന്നെ നന്നായി ജീവിച്ചാലും ദൈവത്തിന്റെ കുടുംബത്തിലേക്ക് ആത്മീകമായി വീണ്ടും ജനിക്കുന്നതുവരെ നാം ദൈവത്തിൽ നിന്ന് വേർപെട്ടിരിക്കുന്നു.

## നിങ്ങളുടെ ആവശ്യം

**വൃത്തചിത്രത്തിൽ "രക്ഷ"** (1) എന്ന പദത്തിന്റെ അർത്ഥം ആത്മീകമായ പുതുജനനമാണ്. ആ വഴിയിലൂടെ മാത്രമേ ആദാമിന്റെ ജീവനിൽ നിന്ന് വേർപെട്ട് ക്രിസ്തുവിന്റെ നിത്യജീവനു പങ്കാളിയാകാനാവൂ (യോഹ. 3:3) എന്ന് **രേഖാചിത്രം** കാണിക്കുന്നു.

പുതുതായി ജനിക്കാനുള്ള മാർഗ്ഗമിതാണ്: നാം നാശോന്മുഖമായ പാരമ്പര്യത്തിൽ (ആദാമ്യകുടുംബത്തിൽ) ജീവിക്കുന്നുവെന്ന് ഏറ്റു പറയുക. ജന്മനാ പാപിയായതുകൊണ്ടുതന്നെ പാപകൃത്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് ദൈവത്തോട് സമ്മതിക്കുക. മനുഷ്യന്റെ പാപത്തിന്റെ ശിക്ഷയായ മരണം വരിച്ച ക്രിസ്തുവിനെ ഉള്ളിലേക്ക് സ്വീകരിക്കുക.

ക്രിസ്തുവിന്റെ ആത്മാവിനെ ഇങ്ങനെ സ്വന്തം ആത്മാവിലേക്ക് വിശ്വാസത്താൽ സ്വീകരിക്കുന്നവർ ക്രിസ്തുവുമായി ആത്മാവിൽ ഒന്നാകുന്നു (1 കൊരി. 6:17). പ്രലോഭനങ്ങളെ ജയിക്കണമെങ്കിൽ, ദൈവത്തിന്റെ സമാധാനം അനുഭവിക്കണമെങ്കിൽ രക്ഷയുടെ ഉറപ്പ് നേടിയേ തീരൂ. **രക്ഷയുടെ ഉറപ്പ്** (2) തെറ്റില്ലാത്ത ദൈവ

വചനത്തിലെ ആത്യന്തിക സത്യങ്ങളിൽ അടിയുറച്ചതായിരിക്കണം. അല്ലെങ്കിൽ ഈ ഉറപ്പ് വെറും താത്കാലികമായിരിക്കും.

യേശുക്രിസ്തുവിനെ വ്യക്തിപരമായി ആശ്രയിച്ചിട്ടുണ്ടെന്ന് ബോദ്ധ്യമുള്ളവരിൽ പലർക്കും വികാരപരമായി പ്രതീക്ഷിക്കാറുള്ള അനുഭവവിശേഷങ്ങൾ ലഭിക്കാത്തതിനാൽ രക്ഷയെപ്പററി ഉറപ്പില്ലാതെ പോകുന്നു. വൈകാരിക സംഘർഷങ്ങൾ മനുഷ്യർക്ക് വ്യത്യസ്ഥ അളവുകളിലുണ്ട്. അവയിൽ മിക്കതും ചെറുപ്പകാലത്തു അനുഭവിക്കേണ്ടിവന്ന അവഗണനയിൽ നിന്നും ഉടലെടുത്തതാണ്. അങ്ങിനെയുള്ള ഒരു വ്യക്തിയുടെ തോന്നലുകൾ (വികാരങ്ങൾ) പലപ്പോഴും വസ്തുതകളുമായി നിരക്കാത്തതായിരിക്കും. വസ്തുതകളെന്ന് വിവക്ഷിക്കുന്നതു് ഭൗതികലോകത്തിലേതോ വേദപുസ്തകത്തിൽ വ്യക്തമാക്കിയിരിക്കുന്നതോ ആവാം. അവയെപ്പററിയുള്ള നമ്മുടെ ധാരണകളും യാഥാർത്ഥ്യങ്ങളും തമ്മിൽ അന്തരമുണ്ടായിരിക്കും. എന്നാൽ ക്രിസ്തു നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം ഏറെറടുക്കുമ്പോൾ നമ്മുടെ തകർന്ന വികാരങ്ങൾ സുഖം പ്രാപിക്കുകയും നാം യാഥാർത്ഥ്യബോധമുള്ളവരായിരിക്കുകയും ചെയ്യും.

യേശുക്രിസ്തുവിലൂടെ ദൈവത്തോട് സുരക്ഷിതവും നിത്യവുമായ ബന്ധത്തിലേക്കാണ് പ്രവേശിച്ചിരിക്കുന്നതെന്ന് ഓരോ വിശ്വാസിയും അറിഞ്ഞിരിക്കണം (യോഹ. 5:24). വളരെ അനുഭവ സമ്പത്തുള്ള വിശ്വാസിക്കും ഈ അറിവ് ഒഴിച്ചു കൂടാത്തതാണ്. ആ **സുരക്ഷിതത്വം** (3) എല്ലായ്പോഴും ആശ്രയിക്കാനും ആസ്വദിക്കാനും കഴിയുമെന്നും അവൻ അറിഞ്ഞിരിക്കണം.

ക്രിസ്തുവിനെ സ്വീകരിച്ചു എന്നു ബോദ്ധ്യമുള്ള മിക്ക വിശ്വാസികളും അവരെ ക്രിസ്തുവിലൂടെ ദൈവം സ്വീകരിച്ചിരിക്കുന്നുവെന്ന് അറിയുകയോ ആ അറിവിലൂടെ ലഭിക്കുന്ന ആനന്ദം അനുഭവിക്കുകയോ ചെയ്യുന്നില്ല. മനുഷ്യരുടെ അംഗീകാരം തേടി ക്ലേശിച്ചിട്ടുള്ളവരുടെ വിചാരം ദൈവത്തിന്റെ **അംഗീകാരവും** (4) അവർ തന്നെ തേടണമെന്നാണ്. ക്രിസ്തുവുമായുള്ള ജീവിതത്തിലൂടെ ദൈവം അവരെ അംഗീകരിച്ചിരിക്കുന്നുവെന്ന വസ്തുത അവർ ഗ്രഹിക്കുന്നില്ല (എഫേസ്യർ 1:6).

ഓരോ വിശ്വാസിയെയും ദൈവം അംഗീകരിച്ചിരിക്കുന്നു. പക്ഷേ ദൈവത്തിന്റെ ഈ അംഗീകാരത്തെ വിശ്വാസത്താൽ അംഗീകരിക്കുവാൻ പലർക്കും കഴിഞ്ഞിട്ടില്ല (2 കൊരി. 5:21)

**സമ്പൂർണ്ണ സമർപ്പണം** (5) ചെയ്യുന്നവർ ഇനിയും ചുരുക്കമാണ്. എന്താണ് സമ്പൂർണ്ണ സമർപ്പണം? യേശുക്രിസ്തുവിന് ജീവിതം പൂർണ്ണമായി ഏൽപിച്ചു കൊടുക്കുക. നമ്മിലും നമ്മിലൂടെയും നമ്മോടും ദൈവത്തിനിഷ്ടമുള്ളതെന്തും ചെയ്യാൻ ദൈവത്തെ അനുവദിക്കുക. സ്വന്തം അവകാശങ്ങളെല്ലാം ദൈവത്തിന് അടിയറ വയ്ക്കുക. തിരുത്താനാവാത്ത തീരുമാനമാണിതു്.

സമ്പൂർണ്ണ സമർപ്പണത്തോടെ നമ്മുടെ അപേക്ഷ മാനിച്ച് ദൈവം നിയന്ത്രണം ഏറെറടുക്കുന്നു. ഇതുവരെ നാം

തന്നെയായിരുന്നു നമ്മുടെ ജീവിതത്തിന്റെ സാരഥികൾ. കടിഞ്ഞാൺ കൈവിടുകയെന്നതു് നമുക്കു് തീരെ സന്തോഷകരമായിരിക്കുകയില്ല. എന്നാൽ സമ്പൂർണ്ണ നിയന്ത്രണം കയ്യടക്കുകയാണു് ദൈവത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തിലേക്കു് നീങ്ങുമ്പോൾ സാഹചര്യങ്ങളൊക്കെ ഒന്നു കലങ്ങി മറിയുന്നു. തീരെ ആത്മീകമല്ലാത്ത സംഭവങ്ങളും വ്യക്തികളും നാമർഹിക്കാത്ത ദുരിതങ്ങൾ നമ്മുടെ മേൽ അടിച്ചേൽപിക്കുന്നു. പക്ഷേ നമുക്കു് ദുഃഖകരമായി തോന്നുന്ന ഈ കഷ്ടതയാണു് ദൈവത്തിന്റെ ലക്ഷ്യം നമ്മിൽ പൂർത്തീകരിച്ചെടുക്കുന്നതു് (എബ്രാ. 12:11; 1 പത്രോ. 2:20,21; ഫിലിപ്യ. 1:23-30; 3:10). നാം ആഗ്രഹത്തോടെ കാത്തിരിക്കുന്ന വിശുദ്ധി ഈ ചൂളയിലാണു് തയ്യാറാവുന്നതു് (എബ്രാ. 12:10).

വിശ്വാസിയെ ക്രിസ്തുവിന്റെ സ്വരൂപത്തോടു് അനുരൂപനാക്കുകയാണു് ദൈവത്തിന്റെ ഉദ്ദേശം (റോമ. 8:29). ഈ അനുരൂപീകരണപ്രക്രിയയിൽ കഷ്ടതയുണ്ടു്. അവന്റെ ജീവിതത്തിൽ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു (റോമ.8:28). എങ്കിലും പിന്തിരിഞ്ഞു നോക്കുമ്പോൾ മാത്രമേ പലപ്പോഴും അവനതു് മനസ്സിലാകാറുള്ളു.

## നിങ്ങളുടെ ആന്തരികപോരാട്ടം

സ്വയനിയന്ത്രിതമായ ജീവിതത്തെ അഥവാ 'ജഡ'ത്തെ ആണു് വൃത്തചിത്രത്തിൽ 'സ്വയം' എന്നു് കാണിച്ചിരിക്കുന്നതു്. മിക്ക വിശ്വാസികളുടെയും ക്രിസ്തീയ ജീവിതത്തെ ഉടനീളം നിയന്ത്രിക്കുന്നതു് ജഡമാണു്. വ്യക്തിയുടെ സവിശേഷതകളെ ആശ്രയിച്ചു് ജഡം വിവിധ ഭാവരൂപങ്ങൾ കൈക്കൊള്ളുന്നു. മററു വ്യക്തികളിലൂടെയോ ഏതെങ്കിലും സാഹചര്യങ്ങളിലൂടെയോ ക്രിയാത്മകമോ നിഷേധാത്മകമോ ആയ മാർഗ്ഗങ്ങളുപയോഗിച്ചു് ജഡം അതിന്റെ മോഹങ്ങൾ സാധിച്ചെടുക്കുന്നു. അങ്ങിനെ ജഡനിയന്ത്രിതനാകുമ്പോൾ പണം, ഭൗതികവസ്തുക്കൾ, വിജയം, പ്രശസ്തി, അധികാരം, ലൈംഗികാസക്തി ആദിയായവ അവനെ ഉത്തേജിപ്പിക്കുന്നു. ഇവയിൽ അവന്റെ മനസ്സു് കതിർന്നു വീർക്കുന്നു. ചുരുക്കത്തിൽ സ്വന്ത ശക്തിയിലാശ്രയിച്ചു് ക്രിസ്തീയ ജീവിതം നയിക്കുവാൻ വിശ്വാസി നടത്തുന്ന പാഴ്‌വേലയാണു് 'ജഡം'.

അതുകൊണ്ടു് ജഡം ഗുരുതരമായ പ്രശ്നമായി മാറുന്നു—വിഗ്രഹാരാധന പോലെ ഗുരുതരം. നമ്മുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്തു് ക്രിസ്തു വസിക്കേണ്ടതിനു പകരം നാം എന്തു പ്രതിഷ്ഠിച്ചാലും—നമ്മെത്തന്നെ ആയാലും—അതു് വിഗ്രഹമാകുന്നു. ജഡത്തോടു് ദൈവം നിർദ്ദാക്ഷിണ്യം ഇടപെട്ടേ പററൂ. അവിടുന്നു് അതു് ചെയ്യും. എങ്ങിനെ? ജീവിതയാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുവാൻ സ്വയകേന്ദ്രീകൃതജീവിതം പോരാത്തതെന്നു് വെളിവാക്കുന്നതിലൂടെ. എപ്പോൾ വരെ? ഈ ജീവിതം അസഹനീയമാണെന്നു് മനസ്സിലാക്കി സ്വയം ത്യജിച്ചു് 'ജഡജീവിതം' 'ക്രിസ്തുവിന്റെ ജീവനു'വേണ്ടി കൈമാററം ചെയ്യുവാൻ നാം തയ്യാറാകുന്നതുവരെ.

സ്വയം (ജഡം) അധികാരം കൈയാളുമ്പോൾ വ്യക്തിത്വത്തിലെ സംഘർഷങ്ങൾ വൃത്തചിത്രത്തിൽ കാണ

ന്നതുപോലെ തുടരുന്നു. പ്രായം കൂടുന്തോറും സ്ഥിതി വഷളായേക്കാം. ഉത്തരവാദിത്വങ്ങൾ ഏറുന്തോറും അതു രൂക്ഷമാകാം. മാനസികമായി അടുക്കും ചിട്ടയുമുള്ള ഒരു 'സ്വയ'ജീവിതത്തിനു് സാഹചര്യങ്ങളുമായി കുറെയേറെ പൊരുത്തപ്പെട്ടു പോകാമെന്നു് വരാം. എന്നാൽപോലും ഫലം ജീവിത ലക്ഷ്യത്തിൽനിന്നു് എത്രയോ അകലെയാണു്.

സ്വയനിയന്ത്രിത ജീവിതത്തിൽ മാനസികമായ അപര്യാപ്തതകൾ ഉണ്ടു്. അതോടൊപ്പം യഥാർത്ഥമോ സാങ്കൽപികമോ ആയ കുററബോധങ്ങളും ചേർന്നു് പല രീതിയിലുള്ള മോഹഭംഗങ്ങളും ഉളവാകുന്നു. ഇവയെ കൈകാര്യം ചെയ്യേ മതിയാകൂ. ഇതിനു് പലരും പല മാർഗ്ഗങ്ങളാണു് അവലംബിക്കുന്നതു്. ചിലർ തല്ലും വഴക്കും ഉണ്ടാക്കുന്നു. മററു ചിലർ തിരിച്ചടി ഭയന്നു് തങ്ങളുടെ പ്രശ്നങ്ങൾ ഉള്ളിൽ ഒതുക്കുന്നു. ഇനിയും ചിലർ എല്ലാ കുഴപ്പങ്ങൾക്കും സ്വയം പഴിചാരി കോപതാപങ്ങൾ തങ്ങളിൽത്തന്നെ അടക്കുന്നു. അടിച്ചമർത്തപ്പെട്ട മോഹഭംഗങ്ങൾ മനസ്സിനേയും വികാരങ്ങളെയും പ്രതികൂലമായി ബാധിയ്ക്കും. ഇവയുടെ ഫലം നൈരാശ്യമോ ആകുലചിന്തയോ രണ്ടും കൂടെയോ ആകാം. യാഥാർത്ഥ്യങ്ങളെ അവഗണിക്കുന്നതിനും വളച്ചൊടിക്കുന്നതിനും ഇതു കാരണമാകും. കൂടാതെ 'സ്വയജീവിതം' എന്ന യഥാർത്ഥ പ്രശ്നത്തെ നേരിടുന്ന ഉത്തരവാദിത്തത്തിൽ നിന്നു് അവർ ഒളിച്ചോടാൻ ഇടയാകുന്നു.

മാനസിക സംഘർഷങ്ങൾ വിട്ടുമാറാതെ തുടരുമ്പോൾ അവ ചിത്രത്തിൽ കാണുന്നതു പോലെ ശാരീരിക പ്രശ്നങ്ങളായി മാറുന്നു. ഈ ശാരീരിക അസ്വാസ്ഥ്യങ്ങൾ യഥാർത്ഥമാണെങ്കിലും വാസ്തവത്തിൽ അവ മിക്കതും സ്വയജീവിതം എന്ന ആഴമായ പ്രശ്നത്തിൻെറ ലക്ഷണം മാത്രമാണു്. 'സ്വയനിയന്ത്രിത ജീവിതം' : അതാണു് രോഗം. 'വ്യക്തിത്വം' എന്ന ഭാഗത്തു് രേഖപ്പെടുത്തിയിട്ടുള്ള മാനസിക പ്രശ്നങ്ങളുടെയും കഥ ഇതു തന്നെ.

## നിങ്ങളുടെ 'വിമോചനം'

'സ്വയജീവിത'ത്തെ അധികാരത്തിൽ നിന്നു് പുറന്തള്ളിക്കൊണ്ടു് പ്രശ്നത്തിൻെറ തായ്‌വേരുകളെ ദൈവം തകർക്കുമ്പോൾ ശാരീരികവും മാനസികവുമായ ഇത്തരം രോഗലക്ഷണങ്ങൾ വഴിമാറാൻ തുടങ്ങുന്നു.

ആന്തരികസംഘട്ടനം അവസാനിപ്പിക്കുന്നതിനുള്ള ദൈവത്തിൻെറ വഴി അഥവാ മരണത്തിൽനിന്നു് ജീവൻ എന്ന പ്രമാണം രേഖാചിത്രത്തിൽ അവതരിപ്പിച്ചിട്ടുണ്ടു്, ഇതിൽ കാണുന്ന തിരശ്ചീനരേഖ (നെടുകെ ഉള്ളതു്) നിത്യജീവനെ, അതായതു് ക്രിസ്തുവിൻെറ ജീവനെ കാണിക്കുന്നു. നിത്യം എന്നാൽ ആദിയും അന്തവും ഇല്ലാത്തതും സമയ പരിധിക്കു് അതീതവും ആണു്. ക്രിസ്തു ദൈവമാകയാൽ അവൻ എന്നും ഉണ്ടായിരുന്നു; ഉണ്ടായിരിക്കും. അവൻെറ ജീവൻ ഇന്നലെയും ഇന്നും എന്നേക്കും ഉള്ളതത്രേ (എബ്രാ. 13:8). ക്രിസ്തു 'ജഡമെടുത്തു' (യോഹ. 1:14), മനുഷ്യനായി 33 വർഷം ജീവിച്ചു; ക്രൂശിക്കപ്പെട്ടു അടക്കപ്പെട്ടു; മൂന്നാം നാൾ ഉയിർത്തെഴുന്നേററു (1 കൊരി

ന്ത്യർ 15: 3, 4). ക്രിസ്തു ഇന്നും ജീവിക്കുന്നു (എബ്രാ. 7:25). വിശ്വാസിയുടെ ജീവൻ ക്രിസ്തുവിന്റെ ജീവൻആയതിനാൽ അതു് വർത്തമാന ഭാവി കാലങ്ങളിൽ മാത്രമുള്ളതല്ല; പ്രത്യുത അതു് നിത്യമായ ഭൂതകാലവും ഉൾക്കൊള്ളുന്നതാണു്.

പുതുതായി ജനിക്കുന്നതുവരെ (യോഹ. 3:3) നാം ക്രിസ്തുവിന്റെ ജീവനിലല്ല; അഥവാ നിത്യജീവനിലല്ല. ആദാമിന്റെ ജീവനിൽ, ആത്മീകമായി മൃതാവസ്ഥയിൽ ആണു് നാം അതുവരെ. നമ്മുടെ പൂർവ്വീകന്മാരിൽ ആരെങ്കിലുമൊരാൾ ജനിച്ചില്ലായിരുന്നുവെങ്കിൽ നാമും ജനിക്കുകയില്ലായിരുന്നു. നമ്മുടെ ജീവിതത്തിന്റെ ആരംഭം ആദാമിലാണു്. ചരിഞ്ഞ രേഖയിലെ കുറിയ വരകൾ ആദാം മുതലുള്ള തലമുറകളെ കാണിക്കുന്നു. അതുകൊണ്ടു് ആദാമിനു് സംഭവിച്ചതൊക്കെയും നമുക്കും സംഭവിച്ചു. ആദാം പാപം ചെയ്തപ്പോൾ നാമും പാപം ചെയ്തു. ആദാം ആത്മീകമായി മരിച്ചപ്പോൾ നാമും മരിച്ചു—നമ്മുടെ പൂർവ്വീകരിലൊരാൾ മക്കളുണ്ടാകുന്നതിനു മുമ്പു് മരിച്ചിരുന്നുവെങ്കിൽ നാം ജനിക്കുമായിരുന്നില്ലല്ലോ; അതുപോലെ തന്നെ.

ആത്മീകമരണം ദൈവത്തിൽ നിന്നുള്ള വേർപാടാണു്. അതുകൊണ്ടു് ആത്മീകമായി മരിച്ച അവസ്ഥയിലാണു് നാം ശാരീരികമായി ജനിച്ചതു്. നമുക്കു് പാപക്ഷമ ആവശ്യമാണു്; അതുപോലെ തന്നെ ജീവനും. ഇവ രണ്ടും നമുക്കു് നൽകുന്നതിനാണു് കർത്താവായ യേശുക്രിസ്തു വന്നതു്— തന്റെ മരണത്തിലൂടെ പാപക്ഷമയും തന്റെ പുനരുത്ഥാനത്തിലൂടെ ജീവനും (യോഹ. 10:10).

നിങ്ങൾ ഒരു യഥാർത്ഥ ക്രിസ്ത്യാനിയാണെങ്കിൽ ഇതുവരെ വായിച്ച കാര്യങ്ങളൊക്കെ നിങ്ങൾ നേരത്തെ തന്നെ അറിഞ്ഞിരിക്കും. എന്നാൽ ഇനിയുള്ളവയോ?

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ശാരീരിക മരണം ഈ ലോകജീവിതത്തിൽ നിന്നു് സ്വർഗ്ഗജീവിതത്തിലേക്കും പാപസാന്നിദ്ധ്യത്തിൽ നിന്നു് ദൈവസാന്നിദ്ധ്യത്തിലേക്കുമുള്ള കവാടമാണു്. അതുപോലെ മറ്റൊരു വിധത്തിലുള്ള മരണമാണു് പാപമയമായ ആദാമ്യ ജീവനിൽനിന്നു് ക്രിസ്തുവിൻ ജീവനിലേക്കുള്ള പടിവാതിൽ. ഒരുവൻ പുതുതായി ജനിക്കുമ്പോൾത്തന്നെ അവൻ മരിക്കുകയും ചെയ്യുന്നു—ക്രിസ്തുവിന്റെ ജീവനിലേക്കു് പ്രവേശനം നേടുന്നു; ആദാമിന്റെ ജീവൻ വിട്ടുകളയുന്നു.

ക്രിസ്തുവിനെ വിശ്വസിച്ചു് വീണ്ടും ജനിക്കുന്ന നമ്മിൽ ക്രിസ്തു അധിവസിക്കുന്നു. പക്ഷേ, അതുകൊണ്ടു് തീർന്നില്ല; നമ്മെ ക്രിസ്തുവിൻ ജീവന്റെ–നിത്യജീവന്റെ പങ്കാളികളാക്കിയിരിക്കുന്നു. നാം യേശുക്രിസ്തുവിന്റെ ജീവനിലേക്കു് മാത്രമല്ല അവന്റെ മരണത്തിലേക്കും സ്നാനം ചെയ്യപ്പെട്ടിരിക്കുന്നു (റോമ. 6:3). ഒരേ സമയം ആദാമിന്റെ ജീവനും ക്രിസ്തുവിന്റെ ജീവനും ഉൾക്കൊള്ളാൻ നമുക്കു് സാദ്ധ്യമല്ല. അവ പരസ്പരവിരുദ്ധമാണു്.

# നിങ്ങളുടെ അനന്യത 10


ക്രിസ്തുവിനെ വിശ്വാസത്താൽ സ്വീകരിക്കുകയെന്നാൽ ക്രിസ്തുവിന്റെ ക്രൂശുമരണം നമ്മുടെ പാപത്തിന് പൂർണ്ണപരിഹാരമായി കണക്കാക്കപ്പെടുന്നു എന്നാണർത്ഥം. അതു മാത്രമല്ല ഭൂതഭാവികാലങ്ങളിലേക്ക് അനന്തമായി വ്യാപിക്കുന്ന പുതിയ ജീവനിലേക്ക് നാം പ്രവേശിക്കുന്നു എന്നും അർത്ഥമാകുന്നു.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആദാമിലുള്ള നമ്മുടെ കുടുംബചരിത്രം അതിന്റെ നന്മതിന്മകളോടൊപ്പം ക്രിസ്തുവിലുള്ള നിത്യമായ ചരിത്രത്തിനുവേണ്ടി വച്ചൊഴിയുന്നു. നാം ഒരു പുതിയ വംശപാരമ്പര്യത്തിൽ അംഗങ്ങളാകുന്നു.

ക്രിസ്തുവിന്റെ ജീവനിൽ പങ്കാളികളാകുന്നതുവഴി ക്രിസ്തുവിന്റെ മരണത്തിലും അടക്കത്തിലും ഉയിർത്തെഴുന്നേല്പിലും സ്വർഗ്ഗാരോഹണത്തിലും സ്വർഗ്ഗീയസ്ഥലങ്ങളിലുള്ള അധിവാസത്തിലും ഭാഗഭാക്കുകളാകുന്നു (റോമ. 6:3–6; ഗലാത്യർ.2:20; എഫേസ്യർ 2:6). ക്രിസ്തുവിലുള്ള അതേജീവിതം തന്നെയാണ് പുതുജനനത്തിൽകൂടി നമുക്കും ലഭിക്കുന്നത് (1 യോഹ 5:11,12).

നാം ക്രിസ്തുവിനോടു കൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് വ്യക്തിപരമായി വിശ്വസിച്ച് അനുഭവിക്കാത്തിടത്തോളം നാം ജഡത്തിന്റെ പഴയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ക്രിസ്തുവിനുവേണ്ടി ജീവിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കും. ആദാമ്യ വംശപാരമ്പര്യത്തിൽ നിന്ന് ഉത്ഭവിക്കുന്ന സംഘർഷങ്ങൾ നമ്മെ നിരന്തരം അലട്ടുകയും തോൽപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കും. എന്നാൽ ക്രിസ്തുവിന്റെ മരണത്തോടും ഉയിർപ്പിനോടും ഏകീഭവിച്ച് ക്രൂശിലുള്ള നമ്മുടെ ശരിയായ അവകാശസ്ഥാനത്തെ വിശ്വാസത്താൽ നാം എപ്പോൾ അംഗീകരിക്കുമോ(ഗലാ. 2:20), അപ്പോൾ –അപ്പോൾമാത്രം – നമുക്ക് "ജീവന്റെ പുതുക്കത്തിൽ" നടക്കാൻ കഴിയും (റോമർ 6:4). അങ്ങനെ "പഴയതു കഴിഞ്ഞുപോയി; ഇതാ, അതു പുതിയതായി തീർന്നിരിക്കുന്നു" (2 കൊരിന്ത്യർ 5:17) എന്നതു നമുക്ക് അനുഭവമാകും. ക്രൂശിന്റെ അനുഭവമാണ് ആത്മനിയന്ത്രിതമായ ജീവിതത്തിലേക്കുള്ള പടിവാതിൽ (ഗലാത്യർ 5:16) – അതായതു ക്രിസ്തുവിനോടുകൂടെയുള്ള നമ്മുടെ ക്രൂശീകരണവും ഉയിർത്തെഴുന്നേൽപ്പും വിശ്വാസത്താൽ അനുഭവിച്ചറിയുന്നതു. മരണത്തിൽ നിന്നുള്ള ജീവനാണതു; പരാജയത്തിൽ നിന്നുള്ള വിജയമാണതു. വിശ്വാസിയുടെ ജീവിതത്തിലെ കഷ്ടതകളുടെ അർത്ഥവും ലക്ഷ്യവും ഇതുതന്നെ. ക്രൂശിലേക്കുള്ള നമ്മുടെ വഴിയും ക്രൂശുതന്നെയും കഷ്ടാനുഭവങ്ങളുടെ പാതയാണ്. എന്നാൽ ഈ പാതയല്ലാതെ കഷ്ടതയുടെ അന്ത്യത്തിലേക്ക് നയിക്കുന്ന മറ്റൊരു പാതയുമില്ല.

മാനസികസംഘർഷവും അടിക്കടിയുള്ള പരാജയവും നിങ്ങളെ തളർത്തിക്കഴിഞ്ഞോ? വിശ്വാസത്താൽ അതിനൊരു വിരാമമിടുവാൻ നിങ്ങൾക്ക് താൽപര്യമു



ആദാം
റോമ . 5:12
ഗലാ. 2:20
റോമ . 6:6
റോമ. 6:4,5
എഫെ. 1:4
ക്രിസ്തുവിൻ ജീവൻ
നിത്യജീവൻ
റോമ. 10:13
ക്രിസ്തുവിൽ
എഫെ. 2:6
റോമ. 8:1
എബ്രാ. 13:8
നരകം


രേഖാ ചിത്രം

ണ്ടോ? ക്രിസ്തുവിലുള്ള സമ്പൂർണ്ണതയിൽ ജീവിക്കുന്നതിനു് നിങ്ങളുടെ സ്വയത്തിന്റേതായ എല്ലാററിനും മരിക്കുവാൻ നിങ്ങൾ തയ്യാറാണോ? അതിന്റെ അർത്ഥം സ്വയകേന്ദ്രീകൃത ജീവിതത്തെ ക്രിസ്തുവിൻ ജീവനുവേണ്ടി കൈമാറുകയും പരിശുദ്ധാത്മനിറവിൽ നിയന്ത്രിക്കപ്പെടുകയും ചെയ്യുക എന്നതാണു്. ഇതിനു് വഴിപ്പെടാതിരുന്നാൽ ഇനിയും ജഡത്തെ അനുസരിച്ചു നടക്കുകയായിരിക്കും ഫലം. അതു് പരാജയങ്ങൾ, കഷ്ടതകൾ, സംഘർഷങ്ങൾ എന്നിവയിൽ കഴിയുന്നതിനും ദൈവാത്മാവിനെ വേദനിപ്പിക്കുന്നതിനും കാരണമാകും.

സ്വന്ത ഇഷ്ടപ്രകാരം ജീവിച്ചു് പരാജയപ്പെട്ടു് നിങ്ങൾ മനംമടുത്തു കഴിഞ്ഞുവോ? എങ്കിൽ നിങ്ങളുടെ ജീവിതം ഹൃദയംഗമമായി യേശുക്രിസ്തുവിനെ ഏല്പിക്കൂ; അവന്റെ ഹിതം നിങ്ങളിൽ നിറവേറട്ടെ; അവൻ നിങ്ങൾക്കു് സ്വാതന്ത്ര്യം നൽകും.

ക്രിസ്തുവിനെ നിങ്ങളുടെ സ്വന്തം രക്ഷകനായി ഇതുവരെ സ്വീകരിച്ചിട്ടില്ലെങ്കിൽ ആത്മാവിലുള്ള ജനനം വഴി ദൈവത്തിന്റെ പുതിയ സൃഷ്ടിയാകുവാൻ ദൈവത്തെ അനുവദിക്കുകയാണു് നിങ്ങളുടെ അടിയന്തിര ആവശ്യം. താഴെ കൊടുത്തിരിക്കുന്ന വാചകങ്ങൾ ഉപയോഗിച്ചു് നിങ്ങൾ പ്രാർത്ഥിക്കുക. ആത്മാർത്ഥമായി അങ്ങിനെ ചെയ്താൽ ദൈവം നിങ്ങൾക്കു് ക്രിസ്തുവിന്റെ ജീവൻ നൽകും.

## രക്ഷയ്ക്കായുള്ള പ്രാർത്ഥന

''സ്വർഗ്ഗസ്ഥപിതാവെ, ഞാനൊരു പാപിയാണെന്നും, ഇപ്പോഴും ആദാമ്യജീവിതത്തിലാണു് കഴിയുന്നതെന്നും, ധാരാളം പാപങ്ങൾ ചെയ്തിട്ടുണ്ടെന്നും മനസ്സിലാക്കുന്നു. എന്റെ പാപങ്ങൾക്കുവേണ്ടി എനിക്കു പകരമായി മരിക്കുവാൻ അവിടുത്തെ ഏകജാതനായ കർത്താവായ യേശുക്രിസ്തുവിനെ അവിടുന്നു് അയച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. അവൻ ഉയിർത്തെഴുന്നേററു് ഇന്നും ജീവിക്കുന്നു എന്നും ഞാൻ വിശ്വസിക്കുകയും എന്റെ രക്ഷകനായി ഞാൻ അവനെ എന്റെ ആത്മാവിലേക്കു് ഇപ്പോൾതന്നെ സ്വീകരിക്കുകയും ചെയ്യുന്നു. ഞാനായിരിക്കുന്ന ഈ അവസ്ഥയിൽ എന്നേയും എനിക്കുള്ളവയേയും എന്റെ ഭാവിയേയും മുഴുവനായി അവിടുത്തേക്കു് സമർപ്പിക്കുന്നു. ക്രിസ്തുവിലെ പുതുജീവനിൽ ജീവിക്കുന്നതിനു് ഞാനെന്റെ എല്ലാ പാപങ്ങളിൽ നിന്നും ജഡികവഴികളിൽ നിന്നും പിന്മാറുന്നു. എന്നെ രക്ഷിച്ചതിനാൽ സ്തോത്രം. ക്രിസ്തുയേശുവിൻ നാമത്തിൽതന്നേ. ആമേൻ.''

നിങ്ങൾ ഇപ്രകാരം പ്രാർത്ഥിച്ചെങ്കിൽ പുതുതായി ജനിച്ചുകഴിഞ്ഞു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളെന്ന പദവി ദൈവം നൽകിയിരിക്കുന്നു എന്നു് ദൈവം പറയുന്നു (യോഹന്നാൻ 1:12).

നിങ്ങൾ രക്ഷയ്ക്കായി പ്രാർത്ഥിച്ചതു് ഇപ്പോഴായിരിയ്ക്കാം; ഒരുപക്ഷേ ഇതിനുമുമ്പു് എന്നെങ്കിലും ആയി

രിയ്ക്കാം. ഏതായാലും സമാധാനവും വിജയവും നൽകുന്ന ക്രിസ്തുവിന്റെ ജീവൻ നിങ്ങൾക്കനുഭവമാകാൻ ''ഏകീഭാവ''ത്തിനുള്ള പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഇതു് ഫലപ്രദമാകണമെങ്കിൽ നിങ്ങൾ യഥാർത്ഥമായും സ്വയജീവിതത്തെ വെറുത്തിരിക്കണം. ഇതുവരെയും സ്വന്തശക്തിയിൽ ക്രിസ്തീയ ജീവിതം നയിക്കുന്നതിനു് ശ്രമിച്ചുവന്ന നിങ്ങളുടെ ജീവിതരീതി തെററായിരുന്നു എന്ന ബോധം നിങ്ങളിൽ പരിശുദ്ധാത്മ പ്രേരിതമായി ഉളവാകണം. നിങ്ങളുടെ ജീവിതത്തിന്മേലുള്ള നിയന്ത്രണാധികാരം ക്രിസ്തുവിനു് അടിയറവയ്ക്കാൻ നിങ്ങൾ തയ്യാറാകണം. ഇക്കാര്യങ്ങൾക്കു് നിങ്ങൾ മനസ്സുവയ്ക്കുന്നെങ്കിൽ ഇപ്രകാരം പ്രാർത്ഥിക്കുക.

## ഏകീഭാവത്തിനായുള്ള പ്രാർത്ഥന

''പിതാവേ, എന്റെ പാപങ്ങൾ അവിടുന്നു് ക്ഷമിക്കുകയും ആദാമ്യജീവനിൽ നിന്നു് എന്നെ അടർത്തി യേശുക്രിസ്തുവിലെ ജീവനിൽ ഒട്ടിച്ചു ചേർക്കുകയും ചെയ്തതിനാൽ സ്തോത്രം. ഇപ്പോൾ ഞാൻ യേശുക്രിസ്തുവിലാകയാൽ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നും അടക്കം ചെയ്യപ്പെട്ടു എന്നും ഉയിർപ്പിക്കപ്പെട്ടു എന്നും സ്വർഗ്ഗത്തിൽ അങ്ങയുടെ വലത്തുഭാഗത്തു് അവനോടു കൂടെ ഇരുത്തപ്പെട്ടിരിക്കുന്നു എന്നും ഞാൻ വിശ്വസിക്കുന്നു. ഈ നിമിഷം മുതൽ അവിടുത്തെ പുത്രനായ യേശുക്രിസ്തു എന്നിലും എന്നിലൂടെയും അവന്റെ ജീവനാൽ വസിക്കുന്നതു് ഞാൻ തെരഞ്ഞെടുക്കുന്നു. പാപത്തിനു് മരിച്ചവനായും അവിടുത്തേക്കു് ജീവിക്കുന്നവനായും എന്നെത്തന്നെ ഞാൻ കണക്കാക്കുന്നു. ക്രിസ്തുവിനോടുകൂടെയുള്ള എന്റെ മരണത്തെ ഞാൻ മറക്കുമ്പോൾ, എന്റെ സ്വന്തബുദ്ധിയാലും ശക്തിയാലും ക്രിസ്തുവിനു വേണ്ടി ജീവിക്കുവാൻ ഞാൻ ശ്രമിക്കുമ്പോൾ, എന്റെ വീഴ്ചകൾ എന്നെ ബോദ്ധ്യപ്പെടുത്തുവാൻ അവിടുത്തെ പരിശുദ്ധാത്മാവിനെ ഞാൻ ശരണപ്പെടുന്നു. പാപത്തിനു് ആയുധമായിത്തീരാൻ എന്നിലൊന്നും അവശേഷിപ്പിക്കാതെ നീതിയുടെ ആയുധമായി എന്റെ ജീവിതം നിശ്ശേഷം സമർപ്പിക്കുവാൻ ഞാൻ തീരുമാനിക്കുന്നു. ക്രിസ്തുവിനേയും അവന്റെ ജീവനെയും എനിക്കു് യാഥാർത്ഥ്യമാക്കിത്തന്നതിനാൽ സ്തോത്രം. എന്നിലൂടെ നിന്നെത്തന്നെ മഹത്വപ്പെടുത്തേണമേ. ക്രിസ്തുയേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു. ആമേൻ''.




**ക്രൂശിലൂടെ സ്വാതന്ത്ര്യത്തിലേക്ക്**

(ചാൾസ് R. സോളമൻ, Ed. D.)